# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2175** **01-09-2022 - ൽ മറുപടിയ്ക്ക്**

## കോവിഡ് കാലത്തെ ഡോളോ 650 ഗുളികയുടെ ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡോളോ 650 ഗുളിക ഏത് രോഗത്തിനാണ് ഡോക്ടർമാർ ശിപാർശ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പാരസെറ്റമോൾ 650 mg അടങ്ങിയ ഡോളോ 650 എന്ന ഗുളിക പനി, ശരീരവേദന, തലവേദന മുതലായവയ്ക്കാണ് ശിപാർശ ചെയ്യുന്നത്. |
| (ബി) | കോവിഡ് ബാധിച്ചവർക്ക് പ്രസ്തുത ഗുളികയാണ് അധികവും നിർദ്ദേശിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് കോവിഡ് കാലത്ത് പ്രസ്തുത ഗുളികയുടെ ഉപയോഗം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | കേരളത്തിലെ ഡോളോ 650 ഗുളികയുടെ ഉപയോഗം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>2019-2020 - 7,54,10,565<br>2020-2021 - 7,40,39,385<br>2021-2022 - 15,33,76,860 |
| (ഡി) | സർക്കാർ നേരിട്ടുവാങ്ങി പ്രസ്തുത ഗുളിക വിതരണം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കോടി രൂപയുടെ ഓർഡർ ഉണ്ടായിരുന്നുവെന്നും ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഡോളോ 650 ഗുളിക കമ്പനിയിൽ നിന്നും നേരിട്ട് വാങ്ങി വിവിധ സർക്കാർ ആശുപത്രികളിലേക്ക് വിതരണം ചെയ്തിരുന്നു. 1,79,115.60 രൂപയുടെ പർച്ചെയ്സ് ഓർഡർ ഉണ്ടായിരുന്നു. M/s Micro Labs എന്ന കമ്പനിയിൽ നിന്നുമാണ് പ്രസ്തുത മരുന്ന് വാങ്ങിയത്. |
| (ഇ) | 500 മില്ലിഗ്രാം വരെയുള്ള ഗുളികകളുടെ വിപണി വില നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാരിന്റെ സംവിധാനമാണെന്നും എന്നാൽ 500 മില്ലിഗ്രാമിന് മുകളിൽ ഉള്ളവയുടെ വില നിർമ്മാതാക്കൾക്ക് നിശ്ചയിക്കാമെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനാലാണ് ഡോളാ 650 ശിപാർശ ചെയ്യാൻ ഡോക്ടർമാരെ പ്രേരിപ്പിച്ചതെന്ന് മെഡിക്കൽ റെപ് സംഘടന സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | കേന്ദ്ര അവശ്യവസ്തു നിയമം (Essential Commodities Act) -ത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് [പ്രൈസസ് കൺട്രോൾ] ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ 30/03/2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനം S.O No. 1499(E)പ്രകാരം Paracetamol Tablet 500 mg ന്റെ Ceiling Price 1.01 രൂപയായും (Price per Tablet) Paracetamol Tablet 650mg ന്റെ Ceiling Price 2.04 രൂപയായും (Price per Tablet) ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ 500 മില്ലിഗ്രാമിന് മുകളിൽ ഉള്ള Paracetamol Tablet-ന്റെ വില നിർമ്മാതാക്കൾക്ക് നിശ്ചയിക്കാമെന്നുള്ള കാര്യം വാസ്തവ വിരുദ്ധമാണ്. |
| (എഫ്) | കോവിഡ് കാലത്ത് ഏതെങ്കിലും മരുന്നിന്റെ അമിത വില്പന നടന്നിരുന്നോ എന്ന് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | കോവിഡ് കാലത്ത് ഏതെങ്കിലും മരുന്നിന്റെ അമിത വിൽപന നടന്നിരുന്നതായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ